**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 422** **10-02-2025 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കിഫ്ബി പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള കിഫ്ബി പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സമഗ്രമായ മാസ്റ്റർ പ്ലാൻ കിഫ്ബി ധന സഹായത്തോടെ നടപ്പിലാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 16-04-2018-ലെ G.O (Rt) No.1247/2018/H&FWD പ്രകാരം 717.29 കോടി രൂപയുടെ ഭരണാനുമതി സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മാസ്റ്റർ പ്ലാനിന്റെ നിർവ്വഹണ ഏജൻസി ആയി INKEL -നെ സർക്കാർ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയ്ക്കായി നാളിതുവരെ 329 കോടി രൂപയുടെ സാമ്പത്തിക അനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്.<br><br>തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനം, രോഗീപരിചരണം മെച്ചപ്പെടുത്തൽ, പാർപ്പിട സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ എന്നീ മേഖലകൾക്ക് ഊന്നൽ നൽകിക്കൊണ്ട് 3 ഘട്ടങ്ങളായാണ് മാസ്റ്റർ പ്ലാൻ പദ്ധതി നടപ്പിലാക്കുന്നത്. ആയതിന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ടിരുന്ന റോഡുകളുടെ നവീകരണവും എലിവേറ്റഡ് കോറിഡോർ നിർമ്മാണവും ഉൾപ്പെടെയുള്ള എക്സ്റ്റേണൽ ഇൻഫ്രാസ്ട്രക്ചർ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ട എം.എൽ.റ്റി ബ്ലോക്ക് നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. 2025 മാർച്ച് 31 നോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. ടി വിഭാഗത്തിലേയ്ക്ക് ആവശ്യമുള്ള എക്യുപ്മെന്റ്സിന്റെ പട്ടിക കെ.എം.എസ്.സി.എൽ-ന് നൽകിയിട്ടുണ്ട്. ഒ.റ്റി ബ്ലോക്ക് നിർമ്മാണത്തിനായി 77 കോടി രൂപയുടെ സാമ്പത്തിക അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട്. 10-02-2025 ആണ് ടെണ്ടർ തുറക്കുന്നതിനുള്ള സമയപരിധിയായി നിശ്ചയിച്ചിട്ടുള്ളത്. ടെണ്ടർ ഏറ്റെടുക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയും. എസ്.എ.റ്റി പീഡിയാട്രിക് ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിനുള്ള 200 കോടി രൂപയുടെ റിവൈസ്ഡ് പ്രൊപ്പോസൽ ഉൾപ്പെടെയുള്ള ഡി.പി.ആർ ഡിസൈൻ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. ആയത് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരത്തോടു കൂടി സമർപ്പിക്കാൻ ആവശ്യപ്പെട്ടു എസ്.പി.വി-യ്ക്ക് മടക്കി നൽകിയിട്ടുണ്ട്.<br><br>Strengthening of Imageology Block (43.75 കോടി രൂപ) പ്രവൃത്തി വേഗത്തിൽ പുരോഗമിക്കുന്നു. ഇതിന്റെ ഭാഗമായി സ്ഥാപിക്കേണ്ട മൊബൈൽ ഡിജിറ്റൽ റേഡിയോഗ്രാഫി, ഡിജിറ്റൽ റേഡിയോഗ്രാഫി സിസ്റ്റം (മോഡൽ എ), മൊബൈൽ 100 mA എക്സ് റേ മെഷീൻ, സി റ്റി സ്കാൻ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എം.ആർ.ഐ, USS Machine, DR Unit തുടങ്ങിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി 2 മാസത്തിനകം പൂർത്തിയാക്കുവാനായി കഴിയും.<br><br>CCTV/Camera Surveillance system (14.15 കോടി രൂപ)– സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. Control room സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭ്യമാക്കി ഈ പ്രവൃത്തി ഉടൻ തന്നെ നടപ്പിലാക്കാൻ കഴിയും. കൺവെൻഷണൽ മോഡലിലുള്ള മൾട്ടി ലെവൽ കാർ പാർക്കിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനായുള്ള 63 കോടി രൂപയുടെ പുതുക്കിയ പ്രൊപ്പോസൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതും സാമ്പത്തികാനുമതി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ കിഫ്ബിയിൽ സ്വീകരിച്ചുവരുന്നു. ന്യൂക്ലിയാർ മെഡിസിൻ വിഭാഗത്തിന്റെ ശാക്തീകരണത്തിനായി 3.9 കോടി രൂപയുടെ ഫണ്ട് ലഭ്യമായിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായ പി ഡബ്ല്യൂ ഡി യ്ക്ക് ഫണ്ട് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>ഒ.റ്റി ബ്ലോക്ക്, എസ്എ.റ്റി ബ്ലോക്ക് എന്നിവയ്ക്ക് ആവശ്യമായ എക്യുപ്മെന്റ്സ്, ഫർണിച്ചർ എന്നിവയുടെ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുന്ന Residential block നിർമ്മാണത്തിനായി 76 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | മാസ്റ്റർ പ്ലാൻ പ്രകാരം ഓരോ പ്രവൃത്തികളും പൂർത്തിയാക്കുന്നതിന് നിശ്ചയിച്ചിരുന്ന സമയപരിധി വിശദമാക്കാമോ; | (ബി) | മാസ്റ്റർ പ്ലാൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഡി പി ആർ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന കിഫ്ബി മാനദണ്ഡങ്ങൾക്കനുസരിച്ച ലഭ്യമാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഡിസൈൻ അംഗീകാരം, എസ്റ്റിമേറ്റ് അംഗീകാരം, സാമ്പത്തിക അനുമതി, |

| | | | |
|---|---|---|---|
| | | | തുടർന്ന് പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെൻറ്സ് അംഗീകാരം എന്നിവ എത്രയും വേഗത്തിൽ നൽകുവാനുള്ള നടപടികൾ കിഫ്ബി കൈക്കൊള്ളാറുണ്ട്.<br><br>പദ്ധതി നിർവ്വഹണ ഏജൻസി നൽകിയ വിവരപ്രകാരം നിലവിലെ വർക്കുകളുടെ പുരോഗതി ഇപ്രകാരമാണ്<br><br>External roads, elevated corridor – തുടങ്ങിയ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.Strengthening of Imageology പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തീകരിക്കും.MLT block- 2025 മാർച്ച് 31-ന് പൂർത്തീകരിക്കും. OT ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. 10-02-2025 ആണ് ടെണ്ടർ തുറക്കുന്ന തീയതി. ടെണ്ടർ ഏറ്റെടുക്കുന്ന മുറയ്ക്ക് പൂർത്തീകരണ കാലാവധി നിശ്ചയിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.CCTV/Camera Surveillance system- സ്ഥാപിക്കുന്നതിനുള്ള കൺട്രോൾ റൂമിന് വേണ്ടിയുള്ള സ്ഥലം കണ്ടെത്തുകയും പൊതുമരാമത്ത് വിഭാഗത്തിനെകൊണ്ട് നവീകരണ പ്രവർത്തികൾ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു വേണ്ട തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച വരുന്നു. CCTV/Camera Surveillance system സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമത് ലഭ്യമായാൽ ഉടൻ പൂർത്തീകരണ കാലാവധി നിശ്ചയിച്ച് പ്രവർത്തി ആരംഭിക്കുന്നതാണ്.Cable Shifting: കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്ന ഈ പ്രവർത്തിയുടെ 95% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.Augmentation of water supply (KWA): ആഗ്മെന്റേഷൻ ഓഫ് വാട്ടർ സപ്ലൈ എന്ന പദ്ധതിയുടെ ഭാഗമായ പണികൾ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.RMU & Transformer Shifting: ടി പ്രവൃത്തി കെ. എസ്. ഇ. ബിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഫെബ്രുവരി അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. |
| (സി) | പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രകാരമുള്ള മുഴുവൻ പ്രവൃത്തികളും എപ്പോൾ പൂർത്തിയാക്കുമെന്ന് വിശദമാക്കാമോ; | (സി) | മാസ്റ്റർ പ്ലാൻ പ്രവൃത്തികളുമായി ബന്ധപ്പെട്ട ഡി പി ആർ പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിക്കുന്ന കിഫ്ബി മാനദണ്ഡങ്ങൾക്കനുസരിച്ച ലഭ്യമാക്കുന്ന മുറയ്ക്ക് അവ പരിശോധിച്ച് ഡിസൈൻ അംഗീകാരം, എസ്റ്റിമേറ്റ് അംഗീകാരം, സാമ്പത്തിക അനുമതി, |

| | | | |
|---|---|---|---|
| | | | തുടർന്ന് പ്രോജക്റ്റ് എക്സിക്യൂഷൻ ഡോക്യുമെൻറ്സ് അംഗീകാരം എന്നിവ എത്രയും വേഗത്തിൽ നൽകുവാനുള്ള നടപടികൾ കിഫ്ബി കൈക്കൊള്ളാറുണ്ട്.<br><br>പദ്ധതി നിർവ്വഹണ ഏജൻസി നൽകിയ വിവരപ്രകാരം നിലവിലെ വർക്കുകളുടെ പുരോഗതി ഇപ്രകാരമാണ്<br><br>External roads, elevated corridor – തുടങ്ങിയ ഒന്നാംഘട്ട പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.Strengthening of Imageology പ്രവൃത്തികൾ മാർച്ച് 31-നകം പൂർത്തീകരിക്കും.MLT block- 2025 മാർച്ച് 31-ന് പൂർത്തീകരിക്കും. OT ബ്ലോക്കിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ ചെയ്തിട്ടുണ്ട്. 10-02-2025 ആണ് ടെണ്ടർ തുറക്കുന്ന തീയതി. ടെണ്ടർ ഏറ്റെടുക്കുന്ന മുറയ്ക്ക് പൂർത്തീകരണ കാലാവധി നിശ്ചയിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.CCTV/Camera Surveillance system- സ്ഥാപിക്കുന്നതിനുള്ള കൺട്രോൾ റൂമിന് വേണ്ടിയുള്ള സ്ഥലം കണ്ടെത്തുകയും പൊതുമരാമത്ത് വിഭാഗത്തിനെകൊണ്ട് നവീകരണ പ്രവർത്തികൾ നടത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു വേണ്ട തുക ഡെപ്പോസിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. CCTV/Camera Surveillance system സ്ഥാപിക്കുന്നതിനുള്ള സാങ്കേതിക അനുമതി ലഭ്യമായാൽ ഉടൻ പൂർത്തീകരണ കാലാവധി നിശ്ചയിച്ച് പ്രവർത്തി ആരംഭിക്കുന്നതാണ്.Cable Shifting: കേബിളുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പൊതുമരാമത്ത് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ നടന്നു വരുന്ന ഈ പ്രവർത്തിയുടെ 95% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.Augmentation of water supply (KWA): ആഗ്മെന്റേഷൻ ഓഫ് വാട്ടർ സപ്ലൈ എന്ന പദ്ധതിയുടെ ഭാഗമായ പണികൾ കേരള വാട്ടർ അതോറിറ്റിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.RMU & Transformer Shifting: ടി പ്രവൃത്തി കെ. എസ്. ഇ. ബിയുടെ നേതൃത്വത്തിൽ നടന്നു വരുന്നു. ഫെബ്രുവരി അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയും. |
| (ഡി) | നിലവിലെ നിർവ്വഹണ ഏജൻസിയായ ഇൻകൽ -ന് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുവാൻ കഴിയുമോ; വിശദമാക്കാമോ; | (ഡി) | മാസ്റ്റർ പ്ലാനിന്റെ നിലവിലെ നിർവ്വഹണ ഏജൻസിയായ INKEL-ന് പ്രവർത്തി പൂർത്തീകരിക്കാൻ കഴിയാവുന്നതാണ് . |
| (ഇ) | മാസ്റ്റർ പ്ലാൻ പ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി | (ഇ) | മാസ്റ്റർപ്ലാൻ പ്രകാരം അവശേഷിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് |

| | | | |
|---|---|---|---|
| | പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ വിശദമാക്കാമോ? | | പൊതുമരാമത്ത് വകുപ്പിനെ ഏൽപ്പിക്കുന്നതു സംബന്ധിച്ച ശിപാർശയൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല എന്ന് ഭരണ വകുപ്പ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ